# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 447 - 08/08/2017 - ലെ മറുപടിക്ക്

## ഇൻക്ലൂസീവ് ഗ്രോത്ത് സാധ്യമാക്കുന്നതിന് നടപടി

ചോദ്യം

ഉത്തരം

ശ്രീ. ഒ. രാജഗോപാൽ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | ഇൻക്ലൂസീവ് ഗ്രോത്ത് എന്നത് കൊണ്ട് അർത്ഥമാക്കുന്നത് എന്താണെന്നു വ്യക്തമാക്കുമോ; ഇൻക്ലൂസീവ് ഗ്രോത്ത് സാധ്യമാക്കുന്നതിന് എന്ത് നയപരിപാടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ? | ദ്രുതഗതിയിലുള്ള വളർച്ചയ്ക്കൊപ്പം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ഉതകുന്ന തരത്തിലുള്ള സാമ്പത്തിക വളർച്ചയെയാണ് ഇൻക്ലൂസീവ് ഗ്രോത്ത് കൊണ്ട് വിവക്ഷിക്കുന്നത്. ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിലെ അവശ്യ സേവനങ്ങൾ സാധാരണ ജനങ്ങൾക്ക് പ്രാപ്യമാക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. സാമ്പത്തിക വളർച്ചയുടെ പ്രയോജനങ്ങൾ സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കത്തക്ക വിധം അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുകയെന്നതാണ് ഇൻക്ലൂസീവ് ഗ്രോത്തിലൂടെ ലക്ഷ്യമിടുന്നത്.<br><br>ഇൻക്ലൂസീവ് ഗ്രോത്ത് ഉറപ്പുവരുത്തുന്നതിനായി സർക്കാർ കൈക്കൊള്ളുവാനുദ്ദേശിക്കുന്ന നയപരിപാടികൾ ചുവടെ ചേർക്കുന്നു.<br><br>• അധിക വിഭവ സമാഹരണ ത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രണത്തിലൂടെയും നികുതി പിരിവ് ഊർജ്ജിതമാക്കിയും അടിയന്തിര പ്രാധാന്യമുള്ള വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. വൻകിട ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിനായി |

1999ലെ കിഫ്ബി ആക്റ്റ് പരിഷ്ക്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐയും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കിയിട്ടുണ്ട്.

- കിഫ്ബിയുടെ കീഴിൽ പൊതുമരാമത്ത്, ആരോഗ്യം, ഉന്നത വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലായി 5722.41 കോടി രൂപയുടെ പദ്ധതികൾക്ക് പൂർണ്ണ അംഗീകാരവും 6925.97 കോടി രൂപയുടെ പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായുള്ള അംഗീകാരവും നൽകിയിട്ടുണ്ട്. കൂടാതെ 20,000 കോടി രൂപയുടെ മറ്റ് വൻകിട പദ്ധതികൾ കിഫ്ബിയുടെ പരിഗണനയിലാണ്.
- വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായ താഴ്ന്നതും മദ്ധ്യ ശ്രേണിയിലുള്ളതുമായ വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി 'വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി' ആവിഷ്കരിച്ചിട്ടുണ്ട്. കൃഷി. ജലം, ശുചിത്വം എന്നീ മേഖലകളിലെ വികസനത്തെ അടിസ്ഥാനമാക്കി ഹരിതകേരള മിഷൻ, ആരോഗ്യ മേഖലയിലെ രണ്ടാം തലമുറ പ്രശ്നങ്ങളെ അഭിമുഖീകരിക്കാനായി ആർദ്രം മിഷൻ, പൊതു വിദ്യാഭ്യാസത്തിന്റെ സംരക്ഷണത്തിനായി വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, സമ്പൂർണ്ണ പാർപ്പിട പദ്ധതി എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ലൈഫ് മിഷൻ എന്നീ നാലു മിഷനുകൾ ആരംഭിച്ചിട്ടുണ്ട്.
- കേരളത്തിൽ 60 വയസ്സ് കഴിഞ്ഞ് സർവ്വീസ് പെൻഷനില്ലാത്ത രണ്ട് ഏക്കറിലേറെ ഭൂമിയില്ലാത്ത, ആദായ നികുതി കൊടുക്കാത്ത എല്ലാവർക്കും പെൻഷൻ നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പരമ്പരാഗത

| | | |
|---|---|---|
| | | മേഖലയിൽ തൊഴിലെടുക്കുന്ന ദരിദ്രരായ തൊഴിലാളികളുടെ വരുമാനം ഉറപ്പുവരുത്തിക്കൊണ്ട് ഈ മേഖലകളെ നവീകരിക്കുന്ന സമീപനം കൈക്കൊള്ളാൻ സർക്കാർ ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**